**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1272** **27-07-2021 - ൽ മറുപടിയ്ക്ക്**

**അടിസ്ഥാന കായിക വിദ്യാഭ്യാസം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി | | **Shri.V. Abdurahiman**<br>(കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി) | |
| (എ) | പൊതുവിദ്യാലയങ്ങളിലെ കുട്ടികളുടെ അടിസ്ഥാന കായികവിദ്യാഭ്യാസ വികാസം, കായിക സാക്ഷരത എന്നിവ രൂപീകരിക്കുന്നതിലും നേടിയെടുക്കുന്നതിലും നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പരിപാടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ; | (എ) | ദൈനംദിന ജീവിതത്തിലെ വ്യായാമമില്ലായ്മ കാരണം കുട്ടികളിലും വിദ്യാർത്ഥികളിലും, യുവതിയുവാക്കളിലും കായിക ക്ഷമതയുടെ കുറവ് അനുഭവപ്പെട്ടുന്നുണ്ട് എന്ന യാഥാർത്ഥ്യം ഉൾക്കൊണ്ട് കൊണ്ട് സമ്പൂർണ്ണ സാക്ഷരത കൈവരിക്കുന്നതിനു വേണ്ടി ആരംഭിച്ച കേരള സാക്ഷരത മിഷന്റെ മാതൃകയിൽ കേരളത്തിലെ എല്ലാ ജനവിഭാഗങ്ങൾക്കും കായിക ക്ഷമതയും നല്ല ആരോഗ്യവും കൈവരിക്കുന്നതിന് ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണ് "കായികക്ഷമതാ മിഷൻ”. ടി പദ്ധതിയുടെ നടത്തിപ്പിനായി കേരള സമൂഹത്തെ നാലായി തരം തിരിക്കുന്നതാണ്. നഴ്സറി തലം മുതൽ 4-ാം ക്ലാസ്സ് വരെയുള്ള വിദ്യാർത്ഥികൾ 5-ാം ക്ലാസ്സ് മുതൽ പ്ലസ് ടു വരെയുള്ള വിദ്യാർത്ഥികൾ യൂണിവേഴ്സിറ്റി തലത്തിലെ വിദ്യാർത്ഥികൾ യുവജനങ്ങൾ മുതൽ മുതിർന്ന പൗരന്മാർ വരെയുള്ളവർ പ്രസ്തുത പദ്ധതി സ്കൂളുകൾ, കോളേജുകൾ, സർവ്വകലാശാലകൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവ വഴി നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്. |
| (ബി) | കോവിഡ് കാലഘട്ടത്തിൽ കായികക്ഷമത വർദ്ധിപ്പിക്കുന്നതിലൂടെ മാനസികാരോഗ്യം വർദ്ധിപ്പിക്കുവാൻ കായിക വകുപ്പ് ഏതെങ്കിലും പദ്ധതി രൂപപ്പെടുത്തിയിട്ടുണ്ടോയെന്ന് അറിയിക്കാമോ; | (ബി) | കോവിഡ് 19നോടനുബന്ധിച്ച് കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിലെ പരിശീലകരുടെ നേതൃത്വത്തിൽ സ്പോർട്സ് അക്കാഡമികളിലെ കായിക താരങ്ങൾക്ക് അവരുടെ കായിക ക്ഷമത നിലനിർത്തുന്നതിലേയ്ക്കായി ലോക്ക് ഡൗൺ സമയത്തു വീട്ടിലിരുന്നു തന്നെ ചെയ്യാൻ കഴിയുന്ന ഓൺലൈൻ ട്രെയിനിംഗ് ആരംഭിച്ചു നടപ്പിലാക്കി വരുന്നു. കൂടാതെ, കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ അധീനതയിലുള്ള ജില്ലാ സ്പോർട്സ് അക്കാഡമികൾ, സ്കൂൾ, കോളേജ്, സ്പോർട്സ് അക്കാഡമികൾ എന്നിവിടങ്ങളിൽ ഉൾപ്പെടുന്ന കായികാതരങ്ങൾക്കും സർക്കാർ സ്പോർട്സ് സ്കൂളുകളിലെ വിദ്യാർത്ഥികൾക്കും, ശാരീരിക ക്ഷമത ഉറപ്പാക്കുന്നതിലേയ്ക്കായി |

| | | | |
|---|---|---|---|
| | | | പോക്ഷകാഹാര കിറ്റ് വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. |
| (സി) | ഇല്ലെങ്കിൽ രൂപീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ; | (സി) | കോവിഡ് 19നോടനുബന്ധിച്ച് കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിലെ പരിശീലകരുടെ നേതൃത്വത്തിൽ സ്പോർട്സ് അക്കാദമികളിലെ കായിക താരങ്ങൾക്ക് അവരുടെ കായിക ക്ഷമത നിലനിർത്തുന്നതിലേയ്ക്കായി ലോക്ക് ഡൗൺ സമയത്തു വീട്ടിലിരുന്നു തന്നെ ചെയ്യാൻ കഴിയുന്ന ഓൺലൈൻ ട്രെയിനിംഗ് ആരംഭിച്ച് നടപ്പിലാക്കി വരുന്നു. കൂടാതെ, കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ അധീനതയിലുള്ള ജില്ലാ സ്പോർട്സ് അക്കാദമികൾ, സ്കൂൾ, കോളേജ്, സ്പോർട്സ് അക്കാദമികൾ എന്നിവിടങ്ങളിൽ ഉൾപ്പെടുന്ന കായികാതരങ്ങൾക്കും സർക്കാർ സ്പോർട്സ് സ്കൂളുകളിലെ വിദ്യാർത്ഥികൾക്കും, ശാരീരിക ക്ഷമത ഉറപ്പാക്കുന്നതിലേയ്ക്കായി പോക്ഷകാഹാര കിറ്റ് വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. |
| (ഡി) | തദ്ദേശ സ്വയംഭരണ സ്ഥാപനാടിസ്ഥാനത്തിൽ ഇതിനായി പരിപാടി തയ്യാറാക്കുന്നത് പരിഗണനയിലുണ്ടോയെന്ന് അറിയിക്കാമോ? | (ഡി) | കോവിഡ് 19നോടനുബന്ധിച്ച് കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിലെ പരിശീലകരുടെ നേതൃത്വത്തിൽ സ്പോർട്സ് അക്കാദമികളിലെ കായിക താരങ്ങൾക്ക് അവരുടെ കായിക ക്ഷമത നിലനിർത്തുന്നതിലേയ്ക്കായി ലോക്ക് ഡൗൺ സമയത്തു വീട്ടിലിരുന്നു തന്നെ ചെയ്യാൻ കഴിയുന്ന ഓൺലൈൻ ട്രെയിനിംഗ് ആരംഭിച്ച് നടപ്പിലാക്കി വരുന്നു. കൂടാതെ, കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ അധീനതയിലുള്ള ജില്ലാ സ്പോർട്സ് അക്കാദമികൾ, സ്കൂൾ, കോളേജ്, സ്പോർട്സ് അക്കാദമികൾ എന്നിവിടങ്ങളിൽ ഉൾപ്പെടുന്ന കായികാതരങ്ങൾക്കും സർക്കാർ സ്പോർട്സ് സ്കൂളുകളിലെ വിദ്യാർത്ഥികൾക്കും, ശാരീരിക ക്ഷമത ഉറപ്പാക്കുന്നതിലേയ്ക്കായി പോക്ഷകാഹാര കിറ്റ് വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ